ത്തണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. അത് സബ്ജക്ട് കമ്മിറ്റിയിൽ വച്ചുതന്നെ നമുക്ക് തിരുത്താവുന്നതേയുള്ളു.

മി. സ്പീക്കർ : ശ്രീ. കെ.എം. മാണി അവതരിപ്പിച്ച നിരാകരണ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.എം. മാണി : സർ, ഞാൻ പ്രസ് ചെയ്യുന്നു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച നിരാകരണ പ്രമേയം നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. ഇ.എം. അഗസ്തി അവതരിപ്പിച്ച 2 എ നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ.എം. അഗസ്തി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

ശ്രീ. ഇ.എം. അഗസ്തി അവതരിപ്പിച്ച 2എ നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : 1997 - ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII - ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

1997-ലെ അബ്കാരി (ഭേദഗതി) ബിൽ VIII - ാംനമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നു.

## X. റൂളിംഗ്

മി. സ്പീക്കർ : ഓർഡർ, ഓർഡർ

ഇന്ന് ലിസ്റ്റിൽപ്പെടുത്തിയിട്ട് ഇവിടെ അവതരിപ്പിക്കാൻ കഴിയാതിരുന്ന സബ്മിഷൻസ് 6 എണ്ണമുണ്ട്. അതെല്ലാം നാളെ അനുവദിക്കുന്നതാണ്.

മറ്റൊരു കാര്യം 9-ാം തീയതിയിലെ ഒരു ചർച്ചയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ ശ്രീ. സീതാറാം കേസരിയെ സംബന്ധിച്ചുള്ള ഒരു അലിഗേഷൻ ഇവിടെ പറഞ്ഞത് ക്രമപ്രശ്നമായിട്ട് ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ഉന്നയിച്ചിരുന്നു. അത് ചെയർ പരിശോധിച്ച് ആ ഭാഗം രേഖയിൽ നിന്ന് നീക്കം ചെയ്തുകഴിഞ്ഞു.

ഇന്ന് ശ്രീ. ഇ.എം. അഗസ്തി ഇവിടെ പ്രസംഗിക്കുമ്പോൾ മഹാരാഷ്ട്രയിലെ ലത്തൂർ ദുരന്തത്തെ സംബന്ധിക്കുന്ന കാര്യത്തിൽ ദേശാഭിമാനി പിരിച്ച ഒരു കോടി പതിനാലു ലക്ഷം രൂപ നൽകിയില്ലെന്ന ഒരു സീരിയസ് അലിഗേഷൻ ഉന്നയിച്ചു. അത് ഓർഡറിലല്ല. ആ ഭാഗവും അതിനോടനുബന്ധിച്ചുള്ള മറ്റ് ഭാഗങ്ങളും രേഖയിൽ നിന്ന് നീക്കം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഈ സഭയിലുണ്ടായ ഒരു പ്രത്യേക കാര്യത്തിലേക്ക് അംഗങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ലഹരിപദാർത്ഥങ്ങൾ സഭയിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ച് മുമ്പ് ഈ സഭയിൽ ഒരു സംഭവം ഉണ്ടായിട്ടുണ്ട്. അതു സംബന്ധിച്ച് പ്രൊസീഡിംഗ്സ് ചെയർ പരിശോധിക്കുകയുണ്ടായി. 1987 ആഗസ്റ്റ് 17-ാം തീയതി കൊണ്ടുവന്നതിനെ സംബന്ധിച്ച് വളരെ സീരിയസായിട്ട് സഭ അപലപിക്കുകയും അദ്ദേഹം ഒരു പുതിയ മെമ്പറും ചെറുപ്പക്കാരനും ആയതുകൊണ്ട് ഈ സഭയുടെ സെൻസ് എടുത്തുകൊണ്ട് അദ്ദേഹത്തെ എക്സ്ക്യൂസ് ചെയ്യുന്നു എന്ന നിലയിലേയ്ക്കാണ് റൂളിംഗ് നൽകിയിട്ടുള്ളത്. ഇന്ന് അബ്കാരി (ഭേദഗതി) ബില്ലിന്റെ ചർച്ചയ്ക്കിടയിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗം ഡോ. എം.എ. കുട്ടപ്പൻ രണ്ട് കുപ്പി ബിയർ സഭയിൽ കൊണ്ടുവരികയും അത് പ്രദർശിപ്പിക്കുകയും ചെയ്യുകയുണ്ടായി. ഉന്നതനിലവാരം പുലർത്തിപ്പോരുന്ന നമ്മുടെ നിയമസഭയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പറുടെ നടപടി അങ്ങേയറ്റം അപലപനീയമാണെന്ന കാര്യത്തിൽ ഭരണകക്ഷി- പ്രതിപക്ഷ കക്ഷിനേതാക്കൾ ചെയറിനോട് യോജിക്കുമെന്ന് ഉറപ്പുണ്ട്. ഡോ. എം.എ കുട്ടപ്പന്റെ ഈ നടപടിയെ സഭയ്ക്കുവേണ്ടി ചെയർ അങ്ങേയറ്റം അപലപിക്കുന്നു. ഒരു നിയമസഭാ സാമാജികൻ എന്ന നിലയ്ക്കുള്ള സംരക്ഷണം ഇത്തരത്തിൽ ദുർവിനിയോഗം ചെയ്യാതിരിക്കാൻ മേലിൽ അംഗങ്ങൾ ശ്രദ്ധിക്കുമെന്ന് ചെയർ പ്രത്യാശിക്കുന്നു. ബഹുമാനപ്പെട്ട അംഗത്തിൽ നിന്ന് വാച്ച് ആന്റ് വാഡ് പിടിച്ചെടുത്തിട്ടുള്ള രണ്ട് കുപ്പി ബിയർ നശിപ്പിച്ചുകളയാൻ വാച്ച് ആന്റ് വാഡിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന കാര്യവും ചെയർ സഭയെ അറിയിക്കുന്നു.

ഓർഡർ, ഓർഡർ, ................................

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 - ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1997 ഡിസംബർ മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.32-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly